# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.86** **20.03.2013-ൽ മറുപടിക്ക്**

## സർക്കാർ ഡോക്ടർമാരുടെ സമരം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ. ജെയിംസ് മാത്യു<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, എ.പ്രദീപ്കുമാർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പലതവണ സർക്കാർ ഡോക്ടർമാർ സമരം ചെയ്യേണ്ടിവന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| (ബി) 2013 മാർച്ച് 1-ാം തീയതി മുതൽ പണിമുടക്കിയ ഡോക്ടർമാർ ഉന്നയിച്ച ആവശ്യം എന്തായിരുന്നു; | ബി) ചേർത്തല താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ.ആർ.രമ്യയെ സ്ഥലം മാറ്റിയതിൽ പ്രതിഷേധിച്ചാണ് ഡോക്ടർമാർ പണി മുടക്കിയത്. |
| സി) സമരം ഒത്തു തീർപ്പാക്കാൻ എന്തൊക്കെ വ്യവസ്ഥകളാണ് സർക്കാർ അംഗീകരിച്ചത്; | സി) ആരോഗ്യ വകുപ്പ് ഡയറക്ടർ വഴി അന്വേഷണം നടത്തും, ചാർജ് കൈമാറുന്നതിന് ഡോ.രമ്യയ്ക്ക് അവസരം നൽകും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കും എന്നിവയായിരുന്നു വ്യവസ്ഥകൾ. |
| (ഡി) സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; സർക്കാർ | ഡി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.<br>07.03.2013-ലെ സ.ഉ(സാധാ) നം.757/13/ ആകവ പ്രകാരം ആലപ്പുഴ ഡെപ്യൂട്ടി ജില്ലാ |

| | |
|---|---|
| ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു? | മെഡിക്കൽ ഓഫീസർ (ജനറൽ) ഡോ.സി.ഒ.രാജേന്ദ്രകുമാറിനെ ചേർത്തല താലൂക്കാശുപത്രി സൂപ്രണ്ടായി നിയമിച്ചു കൊണ്ടും ഡോ.ആർ.രമ്യയെ വിടുതൽ ചെയ്യാനും പുതിയ സൂപ്രണ്ടിന് ചാർജ്ജ് കൈമാറുന്നതിനായി ഡോ.ആർ.രമ്യ ഉടൻ ചേർത്തല താലൂക്കാശുപത്രിയിൽ റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശം നൽകിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്.<br>എച്ച്.എം.സി ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് എല്ലാ സൂപ്രണ്ടുമാർക്കും പരിശീലനം നൽകുന്നതിന് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ പ്രിൻസിപ്പലിനും പ്രസ്തുത ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sobha C

സെക്ഷൻ ഓഫീസർ

# ചേർത്തല താലൂക്ക് ആശ്രുപത്രി സുപ്രണ്ട് ആയിരുന്ന ഡോ. രമ്യയുടെ സ്ഥലമാറ്റവുമായി ബന്ധപ്പെട്ട് ഉണ്ടായ സംഭവങ്ങളുടെ അന്വേഷണറിപ്പോർട്ട്

**അന്വേഷണം നടന്ന തീയതി - 05.03.2013**

**അന്വേഷണ ഉദ്ദ്യേഗസ്ഥർ**

1. **ഡോ. ആർ.പ്രഭാചന്ദ്രൻ നായർ, അഡീഷണൽ ഡയറക്ടർ പ്ലാനിംഗ് ഇൻ ചാർജ്**
2. **ഡോ. എസ്. ശ്രീലത, പ്രിൻസിപ്പാൾ, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ, തൈയ്ക്കാട്**

2013 മാർച്ച്മാസം 5–ാം തീയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 5.15 വരെ ചേർത്തല താലൂക്ക് ആശുപത്രി കോൺഫറൻസ് ഹാളിൽ വച്ച് മേൽ പറഞ്ഞ സംഭവങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുകയുണ്ടായി. താഴെ പറയുന്ന ജനപ്രതിനിധികളും ഉദ്ദ്യോഗസ്ഥരുമായി വിശദമായ ആശയവിനിമയം നടത്തുകയുണ്ടായി.

1. ബഹു. സ്ഥലം എം.എൽ.എ.
2. ബഹു. ചേർത്തല മുനിസിപ്പൽ ചെയർപേഴ്സൺ
3. ബഹു. ചേർത്തല മുനിസിപ്പൽ വൈസ്ചെയർമാൻ
4. ബഹു. ആശുപത്രി വികസന സമിതി അംഗങ്ങൾ (17 പേർ)
5. ബഹു. ചേർത്തല മുനിസിപ്പൽ കൗൺസിലർമാർ (10 പേർ)
6. സ്ഥലമാറ്റപ്പെട്ട ആശുപത്രി സൂപ്രണ്ട് ഡോ. ആർ രമ്യ
7. ആശുപത്രിയുടെ ചാർജ് വഹിക്കുന്ന മെഡിക്കൽ ഓഫീസർ
8. ആശുപത്രിയിലെ ആർ.എം.ഒ.
9. ആശ്രുപത്രിയിലെ ഡോ. വിജയകുമാർ
10. നഴ്സിംഗ്സുപ്രണ്ട്

11. ആശുപത്രിയുടെ ലേ സെക്രട്ടറി

12. എച്ച്.എം.സി. യുടെ ക്ലാർക്ക്

## കണ്ടെത്തലുകൾ

05.09.2011 ൽ ഡോ.രമ്യ ആശുപത്രി സൂപ്രണ്ടായി ചുമതലയേൽക്കുന്ന സമയത്ത് നഗരസഭയും ചെയർപേഴ്സണും സൂപ്രണ്ടും തമ്മിൽ നല്ല ബന്ധത്തിലായിരുന്നു. കുറേകാലം കഴിഞ്ഞപ്പോൾ നഗരസഭാ ചെയർപേഴ്സണും (എച്ച്.എം.സി ചെയർപേഴ്സൺ) ആശുപത്രി സൂപ്രണ്ടും തമ്മിൽ ഉണ്ടായിരുന്ന നല്ല ബന്ധം തുടർന്നു പോകാൻ കഴിഞ്ഞില്ല. ഇതിന് ആശുപത്രി സൂപ്രണ്ടിന്റെ ആശയ വിനിമയത്തിലുള്ള പോരായ്മ ഒരു കാരണമായിരുന്നു. ഇത് മനസ്സിലാക്കാനും പരിഹരിക്കാനും നഗരസഭ ചെയർപേഴ്സന്റെ ഭാഗത്തുനിന്നും നടപടികളുണ്ടായില്ല. ഈ പോരായ്മ രണ്ടു വ്യക്തികൾ തമ്മിലുള്ള വൈരാഗ്യത്തിലേയ്ക്ക് വളർന്നു. ചേർത്തല ആശുപത്രിയിൽ ഉണ്ടായ സംഭവവികാസങ്ങളുടെ മൂലകാരണം ഇതാണ്.

നഗരസഭാ ചെയർപേഴ്സന്റെ പരാതി ഗവൺമെന്റിൽ ലഭിച്ചപ്പോൾ അതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്താതെ സൂപ്രണ്ടിനെ സ്ഥലം മാറ്റിയത് നടപടി ക്രമങ്ങളിലുള്ള അപാകതയാണ്. ഇതാണ് ഡോക്ടർമാരുടെ സംഘടനയെ പ്രകോപിപ്പിച്ചതും സംസ്ഥാന വ്യാപകമായ സമരത്തിന് കാരണമായതും.

എച്ച്.എം.സി.യുടെ ചെയർപേഴ്സണിന്റെ പരാതി, ആശുപത്രിസൂപ്രണ്ട് 10.45, 11.15 സമയത്തിനു മാത്രമേ ആശുപത്രിയിൽ എത്താറുള്ളുവെന്നും 2.30, 3.00 മണിക്ക് തിരികെ പോകുന്നുവെന്നും ആശുപത്രിയിൽ നടക്കുന്ന കാര്യങ്ങൾ, വികസന പ്രവർത്തനങ്ങൾ, ജീവനക്കാരുമായി ബന്ധപ്പെട്ട വിവരങ്ങൾ തുടങ്ങിയവ എച്ച്.എം.സിയെ യഥാസമയം അറിയിക്കുന്നില്ല എന്നതുമാണ്. അന്വേഷണത്തിൽ ഈ ആശുപത്രിയ്ക്ക് ഈ സൂപ്രണ്ടിന്റെ കാലത്തുതന്നെയാണ് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിച്ചത് എങ്കിലും എച്ച്.എം.സി.യുമായി ബന്ധപ്പെട്ട കാര്യങ്ങൾ യഥാസമയം എച്ച്.എം.സി.യെ അറിയിച്ച് ബോധ്യപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു. എച്ച്.എം.സി. ചെയർപേഴ്സൺ എന്ന നിലയിൽ കാര്യങ്ങളിൽ യഥാസമയത്ത് ഇടപെട്ട് തീർപ്പുണ്ടാക്കുന്നതിൽ മുനിസിപ്പൽ ചെയർപേഴ്സണും പരാജയപ്പെട്ടു.

വിശദമായ അന്വേഷണത്തിലും രേഖകളുടെ പരിശോധനകളിൽ നിന്നും എച്ച്.എം.സി. യുടെ പ്രവർത്തനം നിയമാനുസൃതമായ രീതിയിലല്ലയെന്ന് ബോധ്യപ്പെട്ടു. കൃത്യമായി അജണ്ടകൾ വയ്ക്കുകയോ വിശദമായ ചർച്ചകൾ

നടക്കുകയോ തീരുമാനങ്ങൾ എടുക്കുന്നത് വ്യക്തമായി രേഖപ്പെടുത്തുകയോ ചെയ്യാറില്ല. വിശദമായ വരവുചെലവു കണക്കുകൾ അവതരിപ്പിക്കുകയോ അംഗീകരിപ്പിക്കുകയോ കണക്കുകളെക്കുറിച്ചുള്ള പരാമർശങ്ങളോ എച്ച്.എം.സി. മിനിറ്റിൽ രേഖപ്പെടുത്തി കാണുന്നില്ല. ഇതിന്റെ ഉത്തരവാദിത്വം സൂപ്രണ്ടിനും അതുപോലെ തന്നെ എച്ച്.എം.സി. ചെയർപേഴ്സണും തുല്യമായുണ്ട്.

എച്ച്.എം.സി. യുടെ യോഗങ്ങളും പ്രവർത്തനങ്ങളും നിയന്ത്രിക്കേണ്ടതും നിരീക്ഷിക്കേണ്ടതും എച്ച്.എം.സി അംഗങ്ങളുടെ ചുമതലയാണ്. ചേർത്തല താലൂക്ക് ആശുപത്രിയിൽ എച്ച്.എം.സി.യുടെ പ്രവർത്തനത്തിലും നിരീക്ഷണത്തിലും കുറ്റകരമായ വീഴ്ച എച്ച്.എം.സി അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഈ വസ്തുത അന്വേഷണവുമായി സഹകരിച്ച എല്ലാ എച്ച്.എം.സി. അംഗങ്ങളെയും ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ ഈ പോരായ്മകൾ പരിഹരിക്കാമെന്ന് അവർ ഉറപ്പ് തന്നിട്ടുണ്ട്.

**നിഗമനങ്ങൾ**

1. മുനിസിപ്പൽ ചെയർപേഴ്സന്റെ പരാതികൾ പൂർണ്ണമായും ശരിയല്ലായെങ്കിലും ചില കാര്യങ്ങളിൽ ഡോ.രമ്യയ്ക്ക് സൂപ്രണ്ട് എന്ന നിലയിൽ ചില പിഴവുകൾ സംഭവിച്ചിട്ടുണ്ട്.
2. പ്രശ്നങ്ങൾ ഇത്രയും വഷളാക്കിയതിൽ രണ്ടുപേർക്കും ഒരുപോലെ ഉത്തരവാദിത്വം ഉണ്ട്.
3. ഡോ.രമ്യയുടെ നേതൃത്വത്തിലാണ് ആശുപത്രിയ്ക്ക് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിച്ചത്. ഇത് ഡോക്ടറുടെ ഭരണപരമായ കഴിവിനെ സൂചിപ്പിക്കുന്നു.
4. സൂപ്രണ്ടും എച്ച്.എം.സി. ചെയർപേഴ്സനും തമ്മിലുള്ള ബന്ധം ആശുപത്രിയുടെ സുഗമമായ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത വിധത്തിൽ ആയിട്ടുണ്ട്.
5. ചെയർപേഴ്സന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഒരു അന്വേഷണവും കൂടാതെ സൂപ്രണ്ടിനെ തൽസ്ഥാനത്തുനിന്നും നീക്കിയ നടപടിയാണ് സമരത്തിന് ആധാരം.

**നിർദ്ദേശങ്ങൾ**

1. എച്ച്.എം.സി.യുമായി ബന്ധപ്പെട്ട് സൂപ്രണ്ടും ചെയർപേഴ്സണും ചേർന്ന് ഫയലുകൾ തീർപ്പാക്കേണ്ടതുണ്ടെങ്കിൽ അതിന് ഡോ.രമ്യയ്ക്ക് അവസരം നൽകേണ്ടതാണ്. അതിനുശേഷം മാത്രമേ ഡോ.രമ്യയ്ക്ക് വിടുതൽ നൽകുവാൻ പാടുള്ളൂ.

2. സ്പെഷ്യാലിറ്റി അഡ്മിനിസ്റ്റ്രേറ്റീവ് കേഡർ നടപ്പിലാക്കിയപ്പോൾ ആശുപത്രി സൂപ്രണ്ടുമാരുടെയും ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെയും പ്രവർത്തനസമയം ഇതുവരെ ക്ലിപ്തപ്പെടുത്തിയിട്ടില്ല എന്നുള്ളതും മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് കാരണമായി. സൂപ്രണ്ടുമാരുടെയും ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെയും ഡ്യൂട്ടിസമയം വ്യക്തമാക്കുന്ന ഗവൺമെന്റ് ഉത്തരവ് ലഭ്യമാക്കണം.
3. ആശുപത്രിവികസന സമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും മാർഗ്ഗരേഖകളെക്കുറിച്ചും സൂപ്രണ്ടിനും വികസനസമിതി അംഗങ്ങൾക്കും വ്യക്തമായ ധാരണകളില്ല. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആശുപത്രികളിലും സർക്കാർ നേരിട്ട് നിയന്ത്രണം വഹിക്കുന്ന ആശുപത്രികളിലും ആശുപത്രി വികസനസമിതികൾക്ക് വേണ്ടിയുള്ള വ്യക്തമായ മാർഗ്ഗരേഖകളും ഗവൺമെന്റ് ഉത്തരവുകളും പുറപ്പെടുവിക്കണം. ഈ ഉത്തരവുകൾ തദ്ദേശസ്വയംഭരണവകുപ്പുവഴി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ലഭ്യമാക്കണം.
4. താലൂക്ക് ആശുപത്രികളിൽ എച്ച്.എം.സിയുടെ സെക്രട്ടറിയും ട്രഷററും ആശുപത്രി സൂപ്രണ്ടാണ്. ജനറൽ, ജില്ലാ ആശുപത്രികളിലെ പോലെ താലൂക്ക് ആശുപത്രികളിലും എച്ച്.എം.സി. കളുടെ ട്രഷറർ സ്ഥാനം ആശുപത്രികളിലെ ലേ സെക്രട്ടറിമാരെ ഏൽപ്പിക്കണം.
5. ആശുപത്രികളിലെ സൂപ്രണ്ട്മാർക്കും ചെയർപേഴ്സൺമാർക്കും എച്ച്.എം.സി.കളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പരിശീലനം നൽകേണ്ടതാണ്.

**ഡോ. ആർ.പ്രഭാചന്ദ്രൻ നായർ,**

അഡീഷണൽ ഡയറക്ടർ പ്ലാനിംഗ് ഇൻ ചാർജ്ജ്

**ഡോ. എസ്. ശ്രീലത, പ്രിൻസിപ്പാൾ**

കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത്

ആൻഡ് ഫാമിലി വെൽഫെയർ, തൈയ്ക്കാട്